# കുട്ടികൾക്കായുള്ള ബൈബിൾ

അവതരണം

# പ്രവാസിയായായ ദാനിയേൽ



എഴുതിയത് : Edward Hughes

ഉദാഹരണം : Jonathan Hay

അംഗികരിച്ചത് : Mary-Anne S.

തർജ്ജിമ ചെയുതത് : Rev. Benny

നിർമ്മിച്ചത് : Bible for Children
www.M1914.org

©2014 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.

ദാനിയേലും തന്റെ മൂന്നു സുഹൃത്തുകളും യിസ്രായേലിൽ ജീവിച്ചിരുന്നു. ഒരു ദിവസം ശക്തനായ ഒരു രാജാവ് തങ്ങളുടെ നാട്ടിൽ വന്നിട്ട് മിടുക്കന്മാരായ ചെറുപ്പക്കാരെയെല്ലാം പിടിച്ച് തന്റെ നാട്ടിൽ കൊണ്ടുപോയി. രാജാവിന് ഇമ്മിണി വലിയ നീളമുള്ള ഒരു പേരാണുണ്ടായിരുന്നത് – നെബൂഖദ്നേസർ – അവൻ ജീവിച്ചിരുന്നത് അങ്ങ് ദൂരെയുള്ള ബാബിലോൺ എന്ന രാജ്യത്താണ്.



ആ ചെറുപ്പക്കാർക്ക് ബാബിലോണിൽ നല്ല സംരക്ഷണം ലഭിച്ചു. ലോകത്തിലുള്ള സകല രാജ്യങ്ങളിലെയും മിടുക്കന്മാരായ ചെറുപ്പക്കാരെ രാജാവ് തിരഞ്ഞെടുത്തിരുന്നു. അവരെ തന്റെ സേവകൻമാരാക്കുവാനും ഭരണകാര്യങ്ങളിൽ തന്റെ സഹായികളാക്കുവാനും രാജാവ് താത്പര്യപ്പെട്ടതിനാൽ ബാബിലോണ്യ ഭാഷ അവരെ പഠിപ്പിക്കുവാൻ ഏർപ്പാടാക്കി.



ഭക്ഷണവും മേല്ത്തരമായിരുന്നു. രാജാവ് ഭക്ഷിച്ചിരുന്നതുതന്നെയാണ് ആ ചെറുപ്പക്കാരും ഭക്ഷിച്ചിരുന്നത്. ആ ഭക്ഷണം അന്യദൈവങ്ങൾക്ക് അർപ്പിച്ചിരുന്നതുകാരണം ദാനിയേലും കൂട്ടുകാരും അത് കഴിച്ചില്ല. തന്റെ ദൈവത്തിന് എതിരായിട്ട് യാതൊന്നും ചെയ്യുകയില്ലെന്ന് ദാനിയേൽ ശപഥം ചെയ്തു. അന്യദൈവങ്ങളുമായിട്ടോ മിഥ്യാബിംബങ്ങളുമായിട്ടോ യാതൊന്നും ചെയ്യരുതെന്ന് യിസ്രായേലിന്റെ ദൈവം തന്റെ ജനത്തിന് കല്പന കൊടുത്തിട്ടുണ്ട്.



രാജാവിന്റെ ഭക്ഷണം കഴിക്കാതിരിക്കുവാൻ ദാനിയേൽ തന്റെ മേലധികാരിയോട് അനുവാദം ചോദിച്ചിരുന്നു. രാജാവ് അത് കണ്ടുപിടിച്ചാൽ കോപിക്കും. എന്നാൽ തന്റെ മേലധികാരിക്ക് ദാനിയേലിനോട് കരുണ കാണിക്കുവാൻ വേണ്ടി ദൈവം അയാളുടെ ഹൃദയത്തിൽ പ്രവർത്തിച്ചു.



ദാനിയേലിനെയും കൂട്ടുകാരെയും ഒരു പരീക്ഷണത്തിന് വിധേയമാക്കുവാൻ മേലധികാരി സമ്മതിച്ചു. പത്തു ദിവസത്തേക്ക് അവർ പച്ചക്കറികളും പച്ചവെള്ളവും മാത്രമേ കുടിക്കയുള്ളൂ.



ഈ ചെറുപ്പക്കാർ ദൈവത്തെ ബഹുമാനിച്ചു. ദൈവം അവരെയും മാനിച്ചു. അവർ പഠിച്ച കാര്യങ്ങളിൽ ജ്ഞാനവും സാമർത്ഥ്യവും ദൈവം അവർക്ക് നൽകി. സകല ദർശനങ്ങളും സ്വപ്നങ്ങളും മനസിലാക്കാനുള്ള ജ്ഞാനം ദാനിയേലിനുണ്ടായിരുന്നു.





ബാബിലോണ്യ പാഠശാലയിലെ മൂന്നു വർഷ പരിശീലനത്തിനുശേഷം എല്ലാ ചെറുപ്പക്കാരെയും നെബൂഖദ് നേസറിന്റെ മുമ്പിൽ ഹാജരാക്കി. ദാനിയേലിനെയും അവന്റെ മൂന്നു സുഹൃത്തുക്കളെയും അവരിൽ ഏറ്റവും ഉത്തമന്മാരായി രാജാവ് തിരഞ്ഞെടുത്തു. വാസ്തവത്തിൽ തന്റെ രാജ്യത്തുള്ള സകല ജ്ഞാനികളിലും വച്ച് ദാനിയേൽ അധികം ജ്ഞാനമുള്ളവനായി രാജാവ് കണ്ടെത്തി.

ഒരു രാത്രിയിൽ രാജാവ് ഒരു ദുസ്വപ്നം കണ്ടു. അവൻ തന്റെ മന്ത്രവാദികളെയും ജ്യോതിശാസ്ത്രജ്ഞന്മാരെയും കൂടോത്രക്കാരെയും എല്ലാം തന്റെ മുമ്പിൽ വരുത്തി. രാജാവ് പറഞ്ഞു, “ഞാൻ ഒരു സ്വപ്നം കണ്ടു, ആ സ്വപ്നം എന്താണെന്നറിയാൻ വേണ്ടി എന്റെ ആത്മാവ് വാഞ്ഛരിക്കുന്നു.” ജ്ഞാനികൾ പറഞ്ഞു, “രാജാവ് നീണാൾ വാഴട്ടെ! നിന്റെ ദാസന്മാരോട് സ്വപ്നം എന്താണെന്നു പറയുക, എന്നാൽ ഞങ്ങൾ പറയാം അതിന്റെ അർഥം.”



രാജാവ് പ്രതികരിച്ചു; “ഇല്ല! ഞാൻ കണ്ട സ്വപ്നം എന്താണെന്നും അതിന്റെ അർഥം എന്താണെന്നും നിങ്ങൾ തന്നെ എന്നോടു പറയണം. ഇല്ലെങ്കിൽ നിങ്ങളെ കഷണങ്ങളായി ഛേദിച്ചുകളകയും നിങ്ങളുടെ വീടുകൾ തീവെച്ച് നശിപ്പിക്കയും ചെയ്യും.” രാജാവ് തുടർന്നു, “നിങ്ങൾ എന്റെ സ്വപ്നവും അർഥവും പറഞ്ഞാലോ നിങ്ങൾക്ക് പ്രതിഫലവും വലിയ ബഹുമാനവും നൽകും.”



നിശ്ചയമായും ആ ജ്ഞാനികളിലാരും രാജാവിനോട് സ്വപ്നം പറവാൻ കഴിവുള്ളവരായില്ല.

രാജാവിന്റെ ജ്ഞാനികൾ രാജാവിനോട് പറഞ്ഞു, “നീ പറഞ്ഞതുചെയ്യുവാൻ കഴിവുള്ള ഒരു മനുഷ്യനും ഭൂമിയിൽ ജീവിച്ചിരുപ്പില്ല. ദേവൻമാർക്ക് മാത്രമേ അത് ചെയ്‌വാൻ കഴിയുകയുള്ളൂ. അവർ ഈ ഭൂമിയിൽ ജീവിക്കുന്നില്ലല്ലോ.” രാജാവിന് ഉഗ്രകോപം ഉണ്ടായി. അവൻ ഉത്തരവിട്ടു,

“ബാബിലോണിലെ സകല ജ്ഞാനികളെയും കൊന്നുകളക.”



പട്ടാളക്കാർ ദാനിയേലിന്റെ അടുത്തുവന്നപ്പോൾ, രാജാവിന്റെ ക്യാപ്റ്റനായ അരിയോക്കിനോട് ചോദിച്ചു; “രാജാവ് എന്തിനാണ് സകല ജ്ഞാനികളെയും നശിപ്പിക്കുന്നത്?” സംഭവിച്ചതൊക്കെയും അരിയോക്ക് ദാനിയേലിനോട് പറഞ്ഞു. ദാനിയേൽ രാജാവിനെ കാണാൻ ചെന്നു. ദാനിയേൽ രാജാവിനോട് അല്പസമയംകൂടെ ആവശ്യപ്പെട്ടു. തനിക്ക് സ്വപ്നത്തിന്റെ അർഥം പറയാൻ കഴിയുമെന്നും പറഞ്ഞു.



പിന്നെ ദാനിയേൽ
തന്റെ വീട്ടിൽ പോയി,
സംഭവിച്ചതെല്ലാം തന്റെ
സുഹൃത്തുക്കളായ
ശദ്രക്കിനോടും മേശക്കിനോടും
അബേദ്നെഗോവിനോടും
പറഞ്ഞു.



സ്വപ്നം എന്താണെന്നോ
അതിന്റെ അർത്ഥം എന്താണെന്നോ
ദാനിയേലിന് അറിയില്ലായിരുന്നു,
എന്നാൽ സകലതും അറിയുന്ന
ഒരാളെ അവനറിയാമായിരുന്നു. ആ
ഒരാൾ ദൈവം ആണ്. അതുകൊണ്ട്
ദാനിയേലും കൂട്ടുകാരും
പ്രാർത്ഥിച്ചു.



സ്വപ്നവും അതിന്റെ അർത്ഥവും ദൈവം ദാനിയേലിന് വെളിപ്പെടുത്തിക്കൊടുത്തു. “ദൈവത്തിന്റെ നാമം എന്നും എന്നേക്കും അനുഗ്രഹിക്കപ്പെടട്ടെ, മഹത്വവും ജ്ഞാനവും യഹോവയ്ക്കുള്ളത്” എന്നു പറഞ്ഞുകൊണ്ട് ദാനിയേൽ ദൈവത്തെ മഹത്വപ്പെടുത്തി.



ദാനിയേൽ രാജാവിന്റെ അടുക്കൽ ഓടിയെത്തിയിട്ടു പറഞ്ഞു: “രഹസ്യങ്ങളെ വെളിപ്പെടുത്തുന്ന ഒരു ദൈവം സ്വർഗത്തിലുണ്ട്.” രാജാവ് കണ്ട സ്വപ്നവും അതിന്റെ അർത്ഥവും ദാനിയേൽ പറഞ്ഞുകേൾപ്പിച്ചു.



സ്വപ്നവും അർഥവും കേട്ടപ്പോൾ നെബുഖദ്നേസർ രാജാവ് ദാനിയേലിന്റെ മുമ്പിൽ വീണിട്ട് ഇങ്ങനെ പറഞ്ഞു, “സത്യമായും നിന്റെ ദൈവം ദൈവങ്ങളുടെ ദൈവമാണ്, രാജാക്കന്മാരുടെ രാജാവാണ്, രഹസ്യം വെളിപ്പെടുത്തുന്നവനാണ്, നിനക്ക് രഹസ്യം വെളിപ്പെടുത്താൻ കഴിഞ്ഞല്ലോ.”



പിന്നെ രാജാവ് ദാനിയേലിനെ ഒരു വലിയ മനുഷ്യനാക്കി, അവന് ധാരാളം ദാനങ്ങളും കൊടുത്തു. അവൻ ദാനിയേലിനെ ബാബിലോണിലെ മുഴുവൻ പ്രവിശ്യകളുടെയും ഭരണാധികാരിയാക്കുകയും ബാബിലോണിലെ സകല ജ്ഞാനികളുടെയും മുഖ്യനാക്കി ഉയർത്തുകയും ചെയ്തു.



പ്രവാസിയായ ദാനിയേൽ

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

ദാനിയേൽ 1–2

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

# അവസാനം

അദ്ഭുതവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു
പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട്
തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന്
ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ
ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി
മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക്
വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ.
ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി
ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ,
ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും
ചെയുക. യോഹന്നാൻ 3:16